# കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ക്ളിപ്തം – കൊല്ലം

Tender ID : 2018_KSCDC_190320_1

## 2018 സീസണിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ശേഖരിക്കുന്ന തോട്ടണ്ടി, കോർപ്പറേഷന് വിലയ്ക്കു നൽകുന്നതിനുള്ള പൊതുവായ ടെൻഡർ വ്യവസ്ഥകൾ

1) ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി കൊട്ടേഷൻ നോട്ടീസ് ഇ–ടെൻഡർ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് Up load ചെയ്യേണ്ടതാണ്.

2) നൽകുന്ന തോട്ടണ്ടി ഉണക്കയാണോ എന്ന് വ്യക്തമായി കാണിച്ചിരിക്കണം. ഏറ്റവും കുറഞ്ഞത് 500 മെ.ടൺ (50 ലോഡ്) തോട്ടണ്ടി നിശ്ചിത സമയപരിധിക്കുള്ളിൽ നൽകിയിരിക്കണം.

3) 80 കിലോഗ്രാം നിറച്ച ചാക്കിലെ തോട്ടണ്ടിയിൽ നിന്ന് എത്ര പൗണ്ട് പരിപ്പ് ലഭ്യമാകുമെന്ന് ഔട്ടേണിൽ കാണിച്ചിരിക്കണം.

4) ഒരു കിലോ തോട്ടണ്ടിയിൽ എത്രയെണ്ണം ഉണ്ടാകുമെന്ന് കാണിച്ചിരിക്കണം ഇത്ര മുതൽ ഇത്ര വരെ എന്നെഴുതിയാൽ കുറവുള്ള എണ്ണമേ കണക്കിലെടുക്കുകയുള്ളൂ.

5) കോർപ്പറേഷന്റ അധീനതയിലുള്ള കൊല്ലം, , ആലപ്പുഴ, തിരുവനന്തപുരം (കിളിമാനൂർ) ഇരിഞ്ഞാലക്കുട ,തലശ്ശേരി ഫാക്ടറികളിൽ ഇറക്കുന്നതിനുള്ള (ഇറക്കുകൂലി സഹിതം ) 1 (ഒരു) കിലോയ്ക്ക് വില എത്ര രൂപയെന്ന കണക്കിലാണ് കാണിക്കേണ്ടത്. BOQ വിൽ ( Price Bid) GST തുക ഒഴിച്ച് പൂരിപ്പിക്കേണ്ടതാണ്.

6) സപ്ളെയറെ അറിയിച്ച് , കൊണ്ടുവരുന്ന തോട്ടണ്ടിയിൽ നിന്ന് സർവ്വയർ സാമ്പിളുകൾ ശേഖരിച്ച് കമ്പനി നിയമിക്കുന്ന സ്വതന്ത്ര ഏജൻസിയെ (RBS) കൊണ്ട് കട്ടിംഗ് ടെസ്റ്റ് നടത്തുന്നതായിരിക്കും. തൽസമയം തോട്ടണ്ടി നൽകുന്നവരുടെയും കമ്പനിയുടേയും പ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതാണ്.

7) കട്ടിംഗ് ടെസ്റ്റിൽ ഔട്ടേൺ കരാർ ചെയ്തതിൽ നിന്നു കുറവായി കണ്ടാൽ ,ആദ്യത്തെ രണ്ട് പൗണ്ടിന് , ആനുപാതികവും പിന്നീട് വരുന്ന ഓരോ പൗണ്ടിനും ഇരട്ടിയായും വിലയിൽ കുറവു വരുത്തുന്നതാണ്. കൂടാതെ ഗുണമേന്മ, പരിപ്പിന്റെ എണ്ണം, തൂക്കം മുതലായവയ്ക്കും

കുറവു വന്നാൽ , ആനുപാതികമായി വിലയിൽ കുറവ് വരുത്തുന്നതാണ്. ഫോറിൻ മാറ്റർ ഉണ്ടെങ്കിൽ ,ആയതിനും വിലയിൽ കുറവ് വരുത്തുന്നതായിരിക്കും.

8) തോട്ടണ്ടിയുടെ ഗുണമേന്മ നിശ്ചയിക്കുന്നതിന് നല്ല പരിപ്പിൻെറ മുഴുവൻ തൂക്കവും ഭാഗീഗമായി കേട് ,പുഴുക്കുത്ത്, പിരിവാല് എന്നീ പരിപ്പിൻെറ 50% മാത്രം തൂക്കവും കണക്കിലെടുക്കുന്നതാണ്.

9) കരാറിൽ പറഞ്ഞ കൗണ്ടിൽ കൂടുതലുണ്ടാകുന്ന ഓരോ കൗണ്ടിനും , ആനുപാതികമായി വിലകുറയ്ക്കുന്നതാണ്.

10) സപ്ളയറെ അറിയിച്ച് , തോട്ടണ്ടി ഇറക്കേണ്ട ഫാക്ടറിയുടെ ഏറ്റവും അടുത്തുള്ള വേബ്രിഡ്ജിൽ തൂക്കം നോക്കുന്നതായിരിക്കും.

11) കട്ടിംഗ് ടെസ്റ്റിൽ പാകമാകാത്തത്, കേട്, അഴുകിയത് (പൂർണ്ണമായും), ഭാഗികമായി കേടുവന്നത്, പുഴുക്കുത്ത്, പിരിവാൽ (50%) എന്നിവ കണക്കിലെടുക്കുന്നതായിരിക്കും ഇവ

(റിജക്ഷൻ ) 10% നും 15% നും ഇടയിൽ വന്നാൽ , ആനുപാതികമായി വിലയിൽ കുറവ് വരുത്തുന്നതാണ്. കട്ടിംഗ് ടെസ്റ്റിൽ 15% കൂടുതൽ റിജക്ഷൻ (ഡിഫക്ടീവ് നട്സ്) വന്നാൽ പിന്നീട് (10%ത്തിനു മുകളിൽ) ഇരട്ടിയായും വിലയിൽ കുറവ് വരുത്തുന്നതാണ്. ഈർപ്പം പരമാവധി 10% ആകാം. ഫോറിൻ മാറ്റർ കാണരുത്.

12) ഉണക്കിയ തോട്ടണ്ടിയിൽ 10%ൽ കൂടുതൽ ഈർപ്പമുണ്ടായാൽ , ആനുപാതികമായി വിലയിൽ കുറവ് വരുത്തുന്നതാണ്.

13) അതാത് ഫാക്ടറികളിൽ ലഭിക്കുന്ന തോട്ടണ്ടിയുടെ വിലയുടെ 80% പ്രൊഡക്ഷൻ മാനേജരുടെ സ്റ്റോക്ക് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷവും ബാക്കി 20% സർവ്വയർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നൽകുന്നതാണ്.

14) ദർഘാസ് ഓൺലൈനിൽ സ്വീകരിക്കുന്ന അവസാന തീയതി 3/3/2018 5:00 പി. എം. നും ടെൻഡർ തുറന്ന് പരിശോധിക്കുന്നത് 6/3/2018 10:00 എ എം. നും , ആയിരിക്കും ഇ.എം.ഡി. Rs.2,00,000/_(രു് ലക്ഷം) ഓൺലൈൻ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ.

15) GST രജിസ്ട്രേഷൻ നമ്പരുള്ള രജിസ്റ്റേഡ് ഡീലറായിരിക്കണം സപ്ളയർ. ടെൻഡർ അംഗീകരിച്ച് കിട്ടുന്ന പാർട്ടി 3 ദിവസത്തിനകം 5,00,000/- രൂപയുടെ കരുതൽ ധനം (SD) അടയ്ക്കേണ്ടതാണ്. കോൺട്രാക്ട് വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യത്തുകയും കരുതൽ ധനവും കോർപ്പറേഷൻ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.

16) ആവശ്യം വന്നാൽ ടെന്ററിൽ ലഭിക്കുന്ന തുല്യമായ വിലകൾ മാനുവലായി വിശകലനം ചെയ്ത് കൗണ്ടിന്റേയും ഔട്ടേണിന്റേയും അടിസ്ഥാനത്തിൽ L1– നെ തീരുമാനിക്കുന്നതായിരിക്കും.

17) തരുന്ന ടെൻഡറുകൾ (ദർഘാസ് ) നെഗോഷ്യേറ്റ് ചെയ്യുന്നതിനും, സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർ/ബോർഡ് ഓഫ് ഡയറക്റ്റേഴ്സിൽ നിക്ഷിപ്തമാണ്.

Sd/-

മാനേജിംഗ് ഡയറക്ടർ

സ്ഥലം : കൊല്ലം

തീയതി : 17.02.2018